## പതിനാലാം കേരള നിയമസഭ

### ഒന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2243

18/07/2016 ൽ മറുപടിയ്ക്ക്

## കയ്യേറ്റഭൂമിയിലെ പട്ടയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കയ്യേറ്റഭൂമികൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതും വ്യാഖ്യാനിക്കുന്നതും എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) 1957-ലെ കേരള ഭൂസംരക്ഷണ നിയമം 1958-ലെ കേരള ഭൂസംരക്ഷണ ചട്ടം എന്നിവയുടെ അടിസ്ഥാനത്തിലാണ് കയ്യേറ്റഭൂമികൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്. 1958 ലെ കേരള ഭൂസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4(ii)-ലെ വ്യാഖ്യാനമനുസരിച്ച് അനുമതി കൂടാതെ പുറമ്പോക്കിലോ പുറമ്പോക്കുകളല്ലാത്ത സർക്കാർ ഭൂമിയിലോ അതിനു മുകളിലോ നടത്തുന്ന ഏതെങ്കിലും നിർമ്മാണ പ്രവർത്തനം അത് ഏതെങ്കിലും ചുമരിന്റേയോ, വേലിയുടെയോ, കെട്ടിടത്തിന്റെയോ സ്ഥാപനമോ അല്ലെങ്കിൽ പുറത്തേയ്ക്ക് തള്ളി നില്ക്കുന്ന എടുപ്പുകളുടെയോ തള്ളിനിൽപ്പുകളുടെ നിർമ്മാണമോ അത് താത്കാകലികമോ സ്ഥിരമോ ആയാലും ആയത് കയ്യേറ്റമായി കണക്കാക്കാവുന്നതാണ്. |
| (ബി) പട്ടയം പതിച്ചുകൊടുക്കുന്നത്, കൈവശം വച്ച് അനുഭവത്തിലിരിക്കുന്ന ഭൂമിക്കാണോ അതോ യഥേഷ്ടം നൽകുകയാണോയെന്ന് വ്യക്തമാക്കാമോ;അല്ലെങ്കിൽ ഏതെങ്കിലും പദ്ധതിയുടെ ഭാഗമായിട്ടാണോ എന്ന് വ്യക്തമാക്കാമോ; | (ബി) കൈവശംവച്ചനുഭവിക്കുന്ന ഭൂമി അപേക്ഷകന്റെ അർഹത കണക്കിലെടുത്ത് നിലവിലുള്ള ഭൂമി പതിവ് നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി പട്ടയം പതിച്ചുകൊടുക്കുന്നതാണ്. കൂടാതെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി അർഹരായ ഭൂരഹിതർക്ക് 3 സെന്റ് വീതം ഭൂമി അനുവദിച്ചുവരുന്നു. |

(സി) കാലങ്ങളായി ഒരേ സ്ഥലത്ത് താമസിച്ചു വരുന്നവർക്ക് ഭൂമിയിന്മേലുള്ള അവകാശം നൽകുന്നതിനുള്ള നയരൂപീകരണം ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ; 1-1-1977 എന്ന തീയതി രേഖപ്പെടുത്തി തിട്ടപ്പെടുത്തിയതിന്റെ കാര്യം എന്താണെന്നും അതിന്റെ ഉദ്ദേശലക്ഷ്യം എന്താണെന്നും വ്യക്തമാക്കാമോ?

(സി) നിലവിലുള്ള ഭൂമി പതിവ് നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായിട്ടാണ് കാലങ്ങളായി ഒരേ സ്ഥലത്ത് താമസിച്ചുവരുന്നവർക്ക് ഭൂമിയിൽ അവകാശം നൽകുന്നതിൽ തീരുമാനം കൈക്കൊള്ളുന്നത്. The Kerala Land Assignment (Regulation of Occupations of Forest Lands Prior to 01.01.1977) Special Rules 1993 പ്രകാരം വനഭൂമി കയ്യേറ്റം ക്രമവൽക്കരിക്കുന്ന ചട്ടങ്ങളിലാണ് 01.01.1977 എന്ന തീയതി പരിധിയായി നിശ്ചയിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**